## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2237 — 17/02/2016-ൽ മറുപടിക്ക്

## വനാവകാശ നിയമപ്രകാരം ആദിവാസികളുടെ അവകാശസംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ഗുരുദാസൻ :<br>,, സി.കെ സദാശിവൻ :<br>,, കെ.കെ.ജയചന്ദ്രൻ :<br>ഡോ.കെ.ടി.ജലീൽ : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | വനാവകാശ നിയമത്തിനനുസൃതമായി ആദിവാസികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) | സാദ്ധ്യമായിട്ടുണ്ട്. വനാവകാശ നിയമം നടപ്പിലാക്കുന്നതിനായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റികൾ രൂപീകരിച്ചു. എല്ലാ കോളനികളിലും വനാവകാശ നിയമം നടപ്പിലാക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിച്ചു. ഇതിനായി ബന്ധപ്പെട്ട വനാവകാശ കമ്മിറ്റി മെമ്പർമാർക്കും, എസ്.ഡി.എൽ.സി. മെമ്പർമാർക്കും, പട്ടികവർഗ്ഗ പ്രൊമോട്ടർമാർക്കും, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്കും വിവിധ ജില്ലകളിലായി പരിശീലനം നൽകിയിട്ടുണ്ട് വ്യക്തിഗത അവകാശങ്ങൾ തിരുവനന്തപുരം, തൃശ്ശൂർ ഒഴികെയുള്ള ജില്ലകളിൽ പൂർണ്ണമായും നൽകിയിട്ടുണ്ട്. 571 വനാവകാശ കമ്മിറ്റികളിലായി ഇതുവരെ 24899 വ്യക്തിഗത അവകാശവും 146 സാമൂഹിക അവകാശവും 446 വികസന അവകാശവും നൽകിയിട്ടുണ്ട്. |
| ബി) | വനാവകാശ നിയമമനുസരിച്ച് നിലിവലുള്ളതിൽ നിന്നും മെച്ചമായ എന്തെല്ലാമാണ് ആദിവാസി വിഭാഗത്തിന് ലഭ്യമാകേണ്ടതെന്ന് വ്യക്തമാക്കാമോ; | ബി) | വനാവകാശ നിയമമനുസരിച്ച് കൈവശ ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ സ്വന്തം ആവശ്യത്തിന് മുറിയ്ക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്. |
| സി) | ആദിവാസികൾക്ക് നിയമാനുസൃതം ലഭ്യമാകേണ്ട അവകാശങ്ങൾ പോലും ലഭ്യമാക്കാത്തത് പ്രസ്തുത വിഭാഗത്തിനോട് കാണിക്കുന്ന ക്രൂരതയാണെന്നു വിലയിരിത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | സി) | ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ചിട്ടയായി നടന്നു വരുന്നതിനാൽ പരാമർശിച്ച സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ